*സംസ്ഥാനതല കേരളോത്സവം – കലാമത്സരങ്ങൾ*

*2017 ഡിസംബർ 21 മുതൽ 24 വരെ സംസ്ഥാനതല കേരളോത്സവത്തിന്റെ കലാമത്സരങ്ങൾ പാലക്കാട് ജില്ലയിൽ വെച്ച് നടക്കുകയുണ്ടായി.*

*ഡിസംബർ 21–ന് വൈകുന്നേരം 4.00 മണിക്ക് സാംസ്കാരിക ഘോഷയാത്രയോടെയാണ് കേരളോത്സവ ത്തിന് തുടക്കമായത്. സാംസ്കാരിക ഘോഷയാത്രയിൽ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകരും ജില്ലയിലെ യുവജന ക്ലബ്ബുകളുടെ പ്രവർത്തകരും അണിനിരന്ന അയ്യായിരത്തിലധികം പേർ പങ്കെടുത്ത ഘോഷയാത്രയിൽ നിശ്ചലദൃശ്യങ്ങളും, കലാരൂപങ്ങളും കൊണ്ട് ശ്രദ്ധ പിടിച്ചുപറ്റി.*

*തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ബഹു.കായിക യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. എ.സി.മൊ യ്തീൻ ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.ബിജു അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത സിനിമാതാരം നരേയ്ൻ വിശിഷ്ട അതിഥിയായിരുന്നു. കെ.ഡി.പ്രസേന്നൻ എം. എൽ.എ, യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്താജെറോം ബോർഡംഗങ്ങളായ മഹേഷ് കക്കോത്ത്, വി.പി റജീന, ഷെരീഫ് പാലൊളി, അഫ്സൽ കുഞ്ഞുമോൻ, സന്തോഷ്കാല, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.എൻ.കണ്ടമു ത്തൻ എന്നിവർ സംസാരിച്ചു. ചടങ്ങിൽ ഘോഷയാത്രയിൽ മികച്ച പഞ്ചായത്തുകൾക്കും ക്ലബ്ബുകൾക്കുമുള്ള സമ്മാനദാനം നടത്തി. ജില്ലാ യൂത്ത് കോ–ഓർഡിനേറ്റർ ടി.എം.ശശി സ്വാഗതവും ബഹു.മെമ്പർ സെക്രട്ടറി ആർ.എസ്.കണ്ണൻ നന്ദിയും പറഞ്ഞു.*

*തുടർന്ന് പ്രശസ്ത ഫ്യൂഷനിസ്റ്റ് സ്റ്റീഫൻ ദേവസിയുടെ ഫ്യൂഷൻ സംഗീതനിശ നടന്നു. ഡിസംബർ 22 മുതൽ വിവിധ വേദികളിലായി കലാമത്സരങ്ങൾക്ക് തുടക്കമായി. ഗവ.വിക്ടോറിയ കോളേ ജ്, ചെമ്പൈ സ്മാരക സംഗീത കോളേജ്, പി.എം.ജി.എച്ച്.എസ്.എസ്, മോയൻസ് എച്ച്.എസ്.എസ്., മോയൻസ് എൽ.പി. എന്നിവിടങ്ങളിലായി ഒരുക്കിയ 6 വേദികളിലാണ് കലാ മത്സരങ്ങൾ നടന്നത്.*

*മൂന്ന് ദിനങ്ങളിൽ 6 വേദികളിലായി നടന്ന കലാമത്സരങ്ങൾ സമാപിച്ചപ്പോൾ കലാമത്സരങ്ങളിൽ യഥാക്രമം തിരുവനന്തപുരം , തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകൾ 1 ഉം 2 ഉം 3 ഉം സ്ഥാനം നേടി. ആഗ്രാഗേറ്റ് എവറോളിംഗ് ട്രോഫി തിരുവനന്തപുരവും നേടി. പാലക്കാട് രണ്ടാം സ്ഥാനം നേടി. എവറോളിംഗ് ട്രോഫികൾ ഉദ്ഘാടന സമ്മേളനത്തിൽ വിതരണം ചെയ്തു.*

*ഗവ.വിക്ടോറിയ കോളേജിലെ മുഖ്യവേദിയിൽ വെച്ച് നടന്ന സമാപന സമ്മേളനം ശ്രീ. പി.കെ. ബിജു എം.പി. ഉദ്ഘാടനം ചെയ്തു. ബോർഡ് വൈസ് ചെയർമാൻ പി.ബിജു അദ്ധ്യക്ഷനായി. ബോർഡംഗം സന്തോഷ് കാല സന്നിഹിതനായിരുന്നു. ബോർഡ് അംഗം വി.പി.റജീന സ്വാഗതവും, ജില്ലാ യൂത്ത് കോ–ഓർഡിനേറ്റർ ടി.എം. ശശി നന്ദിയും പറഞ്ഞു. ചടങ്ങിൽ മികച്ച കേരളോത്സവ പഞ്ചായത്ത്, കായിക പ്രതിഭ,കലാപ്രതിഭ, മികച്ച കേരളോത്സവ യൂത്ത് ക്ലബ്ബുകൾ എന്നീ പുരസ്കാര വിതരണവും നടന്നു.*